'ഓപ്പൻ യൂനിവേഴ്സിററി ആക്ട്' പാസ്സാക്കുന്നതിലും രാഷ്ട്രപതിയെക്കൊണ്ട് 'ഓപ്പൻ യൂനിവേഴ്സിററി' ഉദ്ഘാടനംചെയ്യിക്കുന്നതിലും അധികൃതർ പ്രകടിപ്പിച്ച ത്വര, തുടർന്നുചെയ്യേണ്ട കാര്യങ്ങളിൽ അവർക്കുണ്ടാകുമോ?

ചുരുക്കത്തിൽ, ഇന്ത്യയിലെ ആദ്യത്തെ 'ഓപ്പൻ യൂനിവേഴ്സിററി' ഒരു വിഡ്ഢിയുടെ അമ്മയുടെ ശ്രാദ്ധംമാത്രമായി പര്യവസാനിക്കുമോ? 'വിഡ്ഢിയുടെ അമ്മയുടെ ശ്രാദ്ധംപോലെ' എന്നു പറയുന്നതിനു പകരം, 'ആന്ധ്രപ്രദേശിലെ ഓപ്പൻ യൂനിവേഴ്സിററിപോലെ' എന്നായിരിക്കുമോ ഭാവിയിൽ തെലുങ്കുനാട്ടിലെ ഗ്രാമീണർ പറയുക?

(10 സെപ്റ്റംബർ, 1982)

# 94. കാർഷിക സർവകലാശാലകൾ എന്തിനു വേണ്ടി?

ഇന്ത്യയിലെ കൃഷിയെ ആധുനികീകരിക്കുക എന്ന ലക്ഷ്യത്തോടെ ഉത്തർപ്രദേശിൽ ഗോവിന്ദവല്ലഭപന്ത് കാർഷിക സർവകലാശാല ആരംഭിച്ചത് 1960—ൽ ആയിരുന്നു. അമേരിക്കയിലെ ഇല്ലിനോയ് സർവകലാശാലയുടെ നിർല്ലോഭമായ സഹകരണം ആദ്യഘട്ടത്തിൽ ഈ കാർഷിക സർവകലാശാലയ്ക്കു ലഭിച്ചു. അമേരിക്കയിലും, അമേരിക്കയ്ക്കു പുറമെയുള്ള ഏതാനും അന്താരാഷ്ട്രീയ കാർഷിക ഗവേഷണകേന്ദ്രങ്ങളിലും, ഗോവിന്ദവല്ലഭപന്ത് കാർഷിക സർവകലാശാലയിൽത്തന്നെയും, നടന്നവയും നടക്കുന്നവയുമായ ഗവേഷണങ്ങളുടെ ഫലങ്ങൾ കർഷകർക്കു ലഭ്യമാക്കുകവഴി കാർഷികോല്പാദനം പരമാവധി വർദ്ധിപ്പിക്കുകയും, കൃഷിയെ പാരമ്പര്യസിദ്ധമായ ഒരു ജീവിതരീതി എന്ന നിലയിൽനിന്ന് ആദായകരമായ ഒരു വ്യവസായമാക്കി മാററുകയുമാണ് 'കൃഷിയെ ആധുനികീകരിക്കുക' എന്നതുകൊണ്ട് അർത്ഥമാക്കിയിരുന്നത്.

ഗോവിന്ദവല്ലഭപന്ത് കാർഷിക സർവകലാശാല സ്ഥാപിച്ചതിനു ശേഷം കടന്നുപോയ കാൽനൂററാണ്ടോളം കാലത്തിനിടയ്ക്ക് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും കാർഷിക സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അവയിലെല്ലാം അദ്ധ്യാപനത്തിനും ഗവേഷണത്തിനും കാർഷികവിജ്ഞാനവ്യാപനത്തിനുമുള്ള വിപുലങ്ങളായ സംവിധാനങ്ങൾ നിലവിൽ വന്നിട്ടുമുണ്ട്. എന്നിട്ടും, ഗോതമ്പുല്പാദനത്തിൽ, മുഖ്യമായും പഞ്ചാബിലെ ജലസേചിതപ്രദേശങ്ങളിൽ ഏതാനും വർഷങ്ങൾക്കുമുമ്പു സംഭവിച്ച 'ഹരിതവിപ്ലവം' ഒഴിവാക്കിയാൽ ഭാരതീയ കൃഷിവ്യവസ്ഥയിൽ ഈ സർവകലാശാലകൾ ചെലുത്തിയ പ്രഭാവം നാമമാത്രമാണെന്നു പറയണം.

നമ്മുടെ കാർഷിക സർവകലാശാലകളുടെ ഈ പരാജയത്തിനു മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്, അവയുടെ ലക്ഷ്യം ഇപ്പോഴും യഥാർത്ഥ കർഷകർക്കു പരിശീലനം നൽകുകയല്ല എന്ന വസ്തുതയത്രേ. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഈ സർവകലാശാലകളിൽ പഠിച്ചു ബിരുദം നേടിയവർ, അവയിൽനിന്നു ലഭിച്ച അറിവുമായി വയലുകളിലേക്കു തിരിച്ചുപോകുന്നില്ല. നമ്മുടെ കാർഷികബിരുദധാരികളിൽ ഭാഗ്യവാന്മാരായ കുറേപ്പേർ വിദേശങ്ങളിലെ ഗവേഷണസ്ഥാപനങ്ങളിലും സർവകലാശാലകളിലും എത്തിപ്പെടുന്നു. അത്രതന്നെ ഭാഗ്യമില്ലാ

ത്ത മററു ചിലർ ഇന്ത്യയിൽത്തന്നെയുള്ള കാർഷിക സർവകലാശാലകളിൽ അദ്ധ്യാപകവൃത്തിയിലേർപ്പെടുന്നു. എന്നാൽ, അധികം കാർഷിക ബിരുദധാരികളും ചെയ്യുന്നതു് സർക്കാരിൻെറ കൃഷിവകുപ്പിൽ ഒരു ജോലി തേടുകയാണു്. ഈയിടെയായി ദേശസാത്കൃത ബാങ്കുകളും ഈ ബിരുദധാരികൾക്കു് ധാരാളം ജോലിസാദ്ധ്യതകൾ വാഗ്ദാനംചെയ്യുന്നുണ്ടു്. നമ്മുടെ സെക്കൻഡറി സ്കൂളുകളിൽ കൃഷി ഒരു പഠനവിഷയമല്ലാത്തതിനാൽ, വിദ്യാഭ്യാസത്തിൻെറ താഴ്ന്ന തലത്തിൽ കാർഷിക വിജ്ഞാനം പരത്തുന്നതിനു് ഇവിടെ സൗകര്യമില്ല. ഇന്ത്യയിലെ യഥാർത്ഥ കർഷകരിൽ ഭൂരിഭാഗവും ശാസ്ത്രീയ കൃഷിമാർഗങ്ങളെ തിരസ്കരിച്ചിരിക്കുകയാണു്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഇപ്പോഴിപ്പോൾ കർഷകരെ ആകർഷിക്കാതായിരിക്കുന്നു. വളം, വായ്പ എന്നിവയുടെ വിതരണമാകട്ടെ, കർഷകർക്കു് യഥാകാലം ഉപകരിക്കുന്നതിലേറെ, സഹകരണസംഘങ്ങൾ കൈയടക്കിവച്ചിട്ടുള്ള പുതിയ ഗ്രാമീണ ചൂഷകവർഗത്തിൻെറ കീശ വീർപ്പിക്കാനാണു് ഉതകുന്നതു്. ജലസേചനപദ്ധതികളാണെങ്കിൽ, ഭരണപരമായ വൈകല്യങ്ങളും അഴിമതിയും നിമിത്തം, കർഷകർക്കു് അനുഗ്രഹമെന്നതിലേറെ ശാപംതന്നെയായി മാറിയിട്ടുമുണ്ടു്.

ഇതിൻെറയെല്ലാം ഫലമോ? ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ചതായി കരുതപ്പെട്ടിരുന്ന ഇന്ത്യ ഇപ്പോഴും ആണ്ടിൽ ആയിരത്തിമുന്നൂറു കോടി രൂപയോളം വരുന്ന വിദേശനാണ്യം മറുനാടുകളിൽനിന്നു് ധാന്യങ്ങൾ വാങ്ങുന്നതിനു ചെലവഴിച്ചുവരുന്നു. ജനസംഖ്യ വളർന്നുവരുന്ന തോതിനു് ഇന്ത്യയിലെ ഭക്ഷ്യക്കമ്മി ആണ്ടോടാണ്ടു് അധികമായി വരികയുമാണു്. ഭക്ഷ്യധാന്യങ്ങളെപ്പോലെതന്നെ എണ്ണ—വിത്തുകളുടെ കാര്യത്തിലും അതിബൃഹത്തായ കമ്മിയാണു് ഇന്ത്യയിലുള്ളതു്. ആണ്ടിൽ എഴുനൂറു കോടി രൂപയിലേറെവരുന്ന വിദേശനാണ്യം ഭക്ഷ്യ—എണ്ണകൾ വാങ്ങാൻ നാം മറുനാടുകളിൽ ചെലവഴിക്കുന്നു. എന്നിട്ടും നമ്മുടെ എണ്ണദാഹത്തിനു ശമനമില്ല. അതുകൊണ്ടാണല്ലോ, വനസ്പതി എന്ന പേരിൽ മൃഗക്കൊഴുപ്പു് വൻതോതിൽ ഇവിടെ വിററഴിഞ്ഞിരുന്നതു്.

കൃഷിയെ ആധുനികീകരിക്കുകയെന്ന ലക്ഷ്യം നേടണമെങ്കിൽ ഇന്ത്യയിലെ കാർഷിക സർവകലാശാലകൾ എന്തു ചെയ്യണം? കൃഷിശാസ്ത്രജ്ഞന്മാർ യഥാർത്ഥ കർഷകരുടെ വിശ്വാസം നേടുകയാണു് ആദ്യമായി വേണ്ടതെന്നത്രേ 'ഹരിതവിപ്ലവ'ത്തിൻെറ പിതാവും നോബൽ സമ്മാനിതനുമായ ഡോ. നോർമൽ ബോർലാഗ് പറയുന്നതു്. നവംബർ മദ്ധ്യത്തിൽ ഹൈദരാബാദിൽ ചേർന്ന ഒരു സെമിനാറിൽ പങ്കെടുത്തുകൊണ്ടു് ഡോ. ബോർലാഗ്, പുതിയ കാർഷിക സാങ്കേതികവിദ്യ കർഷകർക്കു പകർന്നുകൊടുക്കുന്നില്ലെങ്കിൽ, ആ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ദരിദ്രരാജ്യങ്ങൾ ചെയ്തുവരുന്ന ഭീമമായ ധനവ്യയം ഒരിക്കലും ന്യായീകരിക്കാനാവില്ലെന്നു പ്രസ്താവിച്ചു. ഇന്ത്യയടക്കമുള്ള ദരിദ്രരാജ്യങ്ങളിൽ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ശാസ്ത്രീയഗവേഷണത്തോടൊപ്പം രാഷ്ട്രീയമായ ഇച്ഛാശക്തിയും മൂലധനനിക്ഷേപവും, ആത്മസമർപ്പണവും നിശ്ചയദാർഢ്യമുള്ള പ്രവർത്തകരും ഉണ്ടായേ തീരൂ എന്നു് അദ്ദേഹം പറഞ്ഞു. ഇന്ത്യയിൽ കാർഷിക സാങ്കേതികവിദ്യ ഇന്നു് ഗണ്യമാംവിധം വികസിച്ചിട്ടുണ്ടു്. അറിവില്ലായ്മയല്ല, ഉള്ള അറിവു് കർഷകർക്കു് എത്തിക്കായ്കയാണു് ഇവിടത്തെ പ്രശ്നം. ഇതു് ഇന്ത്യയിലെമാത്രം സ്ഥിതിയല്ല. മനുഷ്യവർഗത്തിൽ പകുതിയും ഇന്നും കാർഷികവൃത്തിചെയ്തു ജീവിക്കുന്നവരാണു്. ഇവർക്കു്

ആധുനിക—ശാസ്ത്രീയ—കാർഷിക—സാങ്കേതികവിജ്ഞാനം പകർന്നുനല്കുകയെന്നതു് എളുപ്പമുള്ള കാര്യമല്ല.

ഭാരതീയ കൃഷിശാസ്ത്രജ്ഞർ പാടത്തിറങ്ങി പണിയെടുക്കാൻ വൈമുഖ്യം കാട്ടുന്നതുനിമിത്തമാണ് ശാസ്ത്രീയവിജ്ഞാനം ഇന്ത്യൻ കർഷകരിലെത്താത്തതു് എന്നു് ബോർലാഗ് കരുതുന്നു. പാടത്തുപോയി കർഷകരുമായി സംസാരിക്കാൻ തുടങ്ങിയാൽ, വിളകൾ ശാസ്ത്രജ്ഞരോടു് സ്വന്തം രഹസ്യങ്ങൾ മന്ത്രിച്ചുതുടങ്ങും. 'സർവകലാശാലകളിലെ പ്രസംഗവേദികളിലോ, ഗവേഷണശാലകളിലോ അടച്ചിരിക്കുന്നവർക്ക് വിളകളുടെ ഈ രഹസ്യഭാഷണം ഒരിക്കലും കേൾക്കാൻ കഴിയുകയില്ല. വലിയ ചെലവു കൂടാതെ മണ്ണിന്റെ ഫലപുഷ്ടി പുനഃസ്ഥാപിക്കുക, വയലിൽ വെള്ളമെത്തിക്കുക എന്നിവയും പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. അമേരിക്കയിൽ ഒരു ഹെക്ടറിൽ രണ്ടു ടൺ ഭക്ഷ്യധാന്യം വിളഞ്ഞിരുന്നതു് ഏഴര ടൺ ആയി ഉയർത്താൻ ഗവേഷണത്തിനു കഴിഞ്ഞു. ശരിയായ വഴിയിൽ ശ്രമിക്കുന്നപക്ഷം ഇന്ത്യയിലും ഈ വിളവർദ്ധന സാദ്ധ്യമായേക്കും.

വിത്തു വിതയ്ക്കുന്ന കാലത്തുതന്നെ, കൊയ്ത്തുകാലത്തു ധാന്യങ്ങൾക്കു കിട്ടാവുന്ന വില നിശ്ചയിക്കണമെന്നു് ഡോ. ബോർലാഗ് അഭിപ്രായപ്പെട്ടു. ഏതാനും മാസങ്ങൾക്കപ്പുറം തങ്ങൾക്കു കിട്ടാവുന്ന വരുമാനത്തെപ്പററി ഏകദേശമായെങ്കിലും മുൻകൂട്ടി മനസ്സിലാക്കാൻ കഴിഞ്ഞാൽ കർഷകർ കൃഷിക്കു കൈയയച്ചു ചെലവുചെയ്യും. അവക്കു വായ്പാസൗകര്യം നൽകണമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല.

'നാണ്യപ്പെരുപ്പം'കൊണ്ടു വീർപ്പുമുട്ടുന്ന രാജ്യങ്ങളിൽ, തങ്ങളുടെ ഉല്പന്നങ്ങൾക്കു ശരിയായ വില പലപ്പോഴും കർഷകർക്കു ലഭിക്കുന്നില്ല. അതിനാൽ കാർഷികോല്പന്നങ്ങൾക്ക് ആദായകരമായ വില കിട്ടുമെന്നു് ഉറപ്പുവരുത്തുന്നതു പ്ലാനിങ്ങിന്റെ ഭാഗമായിരിക്കണമെന്നു് ബോർലാഗ് അഭിപ്രായപ്പെട്ടു.

'ഗവേഷണം പ്രധാനംതന്നെ; പക്ഷേ, അതിനേക്കാൾ പ്രധാനം ഗവേഷകർ കർഷകരുടെ വിശ്വാസം നേടിയിരിക്കണമെന്നതാണ്' എന്നു് ഡോ. ബോർലാഗ് പറഞ്ഞു. '1944—ൽ ഞാൻ മെക്സിക്കോവിൽ പോയപ്പോൾ, അവിടത്തെ കർഷകർ എന്റെ കൈ പിടിച്ചു കുലുക്കുവാൻ പോലും തയ്യാറായിരുന്നില്ല. കൃഷിശാസ്ത്രജ്ഞരെ അവർ 'സമൂഹത്തിലെ ഇത്തിക്കണ്ണികൾ' എന്നാണു വിളിച്ചിരുന്നതു്. ഗവേഷകർക്കു കൃഷിക്കാരെ യഥാർത്ഥത്തിൽ സഹായിക്കാൻ കഴിയുമെന്നു പ്രവൃത്തിയിലൂടെ അവർക്കു കാട്ടിക്കൊടുത്തതിനുശേഷമേ അവരുടെ വിശ്വാസം നേടാൻ ഞങ്ങൾക്കു കഴിഞ്ഞുള്ളു' എന്നു് ബോർലാഗ് തന്റെ അനുഭവം വിവരിച്ചു. പിന്നീടു ലോകപ്രസിദ്ധി നേടിയ ഗോതമ്പു്, നെല്ലു്, ചോളം എന്നിവയുടെ അധികോല്പാദക—ഇനങ്ങൾ മെക്സിക്കോയിൽനിന്നാണു ലോകമെങ്ങും പ്രചരിച്ചതു് എന്ന വസ്തുത ഇവിടെ അനുസ്മരിക്കേണ്ടതാണ്.

സർക്കാരുദ്യോഗസ്ഥന്മാരാകാൻ യുവജനങ്ങളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളെന്ന നിലയിൽ നമ്മുടെ കാർഷിക സർവകലാശാലകൾക്കു മേലിൽ പ്രസക്തി കുറവായിരിക്കും. യഥാർത്ഥ കർഷകരുടെ പരിശീലനമെന്ന പ്രാഥമികലക്ഷ്യം അവ വീണ്ടെടുക്കുകതന്നെവേണം.

(18 നവംബർ, 1983)